സർവ്വീസ് സഹകരണ ബാങ്കിലെ വായ്പാ ക്രമക്കേടിനെക്കുറിച്ച് പോലീസ് കേസ് ഫയൽ ചെയ്യുകയും അന്വേഷണം നടന്നുവരികയും ചെയ്യുന്നു.

കേശവദാസപുരം വെൽഫെയർ സഹകരണ സംഘത്തിലെ ക്രമക്കേട് സംബന്ധിച്ച് സംഘം ആർബിട്രേഷൻ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

(സി) ബാങ്ക് അധികൃതരുടെ പങ്ക് ഉള്ളതായി വകുപ്പുതല അന്വേഷണങ്ങളിൽ കണ്ടെത്തിയിട്ടില്ല.

സംസ്ഥാന സഹകരണ ബാങ്ക് വായ്പകൾ നൽകിയതിലെ ക്രമക്കേടുകൾ

139 [596] ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ ബാങ്ക് വായ്പകൾ നൽകിയതിലെ ക്രമക്കേടുകൾ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ;

(ബി) ബാങ്കിന്റെ നിലവിലുള്ള ഭരണസമിതി അധികാരത്തിൽ വന്നതിനുശേഷം മറ്റേതെങ്കിലും ബാങ്കുകളുടെ വായ്പാ കുടിശ്ശിക ഏറ്റെടുത്തുകൊണ്ട് വായ്പ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും എന്ന് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം സ്ഥാപനങ്ങളുടെ വായ്പകൾ തിരിച്ചടയ്ക്കുന്നതിനുവേണ്ടി എന്തു തുക ഏതെല്ലാം ഉറപ്പുകളിന്മേൽ ഏതെല്ലാം തീയതികളിൽ അനുവദിക്കുകയുണ്ടായെന്ന് വിശദമാക്കാമോ ;

(ഡി) ബാങ്ക് ടേക്ക് ഓവർ ചെയ്ത ഏതെല്ലാം വായ്പകളുടെ കാര്യത്തിലാണിപ്പോൾ തിരിച്ചടവ് ക്രമം തെറ്റിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വകുപ്പുതല അന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അന്വേഷണം നടന്നുവരുന്നു.

(ബി) സ്വകാര്യസ്ഥാപനങ്ങളുടെ വായ്പ കുടിശ്ശിക ഏറ്റെടുത്തുകൊണ്ട് വായ്പ അനുവദിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു:

1. ജിയോ ഫ്രാങ്ക് എന്റർപ്രൈസസ് പ്രൈവറ്റ് ലിമിറ്റഡ്.
2. ബൻടെക് ഇലക്ട്രിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ്.
3. കണ്ണൂർ റോളർ ഫ്ളവർ മിൽസ് പ്രൈവറ്റ് ലിമിറ്റഡ്.
4. പറശ്ശിനിക്കടവ് ആയുർവേദ മെഡിക്കൽ കോളേജ്.
5. സെന്റ് ജോർജ് കേബിൾസ് പ്രൈവറ്റ് ലിമിറ്റഡ്.
6. ഹ്യൂസ് അഡ്വർടൈസിംഗ് പ്രൈവറ്റ് ലിമിറ്റഡ്.
7. അഷ്ടമുടി റിസോർട്ട്സ്.

LIBRARY ARCHIVES Kerala Legislative Assembly

8. ശ്രീനിവാസ് റോളർ ഫ്ളവർ മിൽസ്.
9. ശ്രീ ശ്രീമഹാശക്തി മിൽസ്.
10. ഗാന്ധിഗ്രാം റബ്ബേഴ്സ് ലിമിറ്റഡ്.
11. സാഹി ടയേഴ്സ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്.
12. ജെ. ജെ. ഹോളിഡേ റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്.
13. ശ്യാമവർണ്ണ റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്.
14. പരാശക്തി മൾട്ടി ഡിസ്പെൻസറി ഹെൽത്ത് സെന്റർ പ്രൈവറ്റ് ലിമിറ്റഡ്.

(സി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) ബാങ്ക് ടേക്ക് ഓവർ ചെയ്ത വായ്പകളിൽ തിരിച്ചടവ് ക്രമം തെറ്റിയിട്ടുള്ള വായ്പകളുടെ വിവരം ചുവടെ ചേർക്കുന്നു. സ്വകാര്യ സ്ഥാപനങ്ങൾക്ക് വായ്പ നല്കിയിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു :

1. ജിയോ ഫ്രാങ്ക് എന്റർപ്രൈസസ് പ്രൈവറ്റ് ലിമിറ്റഡ്.
2. സെന്റ് ജോർജ് കേബിൾസ് പ്രൈവറ്റ് ലിമിറ്റഡ്.
3. ഗാന്ധിഗ്രാം റബ്ബേഴ്സ് ലിമിറ്റഡ്.
4. ജെ. ജെ. ഹോളിഡേ റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്.
5. കണ്ണൂർ റോളർ ഫ്ളവർ മിൽസ് പ്രൈവറ്റ് ലിമിറ്റഡ്.
6. അഷ്ടമുടി റിസോർട്ട്സ്.
7. ബൻടെക് ഇലക്ട്രിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ്.

യു. ഡി. എഫ്. ഗവൺമെന്റ് നടപ്പിൽ വരുത്തിയ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

140 [597] ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. സി. പി. മുഹമ്മദ് :
„ വർക്കല കഹാർ :
„ എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ഡി.എഫ്. ഗവൺമെന്റ് നടപ്പിൽ വരുത്തിയ വായ്പകളുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി അംഗീകരിക്കാത്തതും നടപ്പാക്കാത്തതുമായി സഹകരണ സംഘങ്ങളുണ്ടോ ; എങ്കിൽ എത്ര സംഘങ്ങൾ ;

(ബി) അവ ഈ പരിപാടി നടപ്പാക്കാത്തതിനുള്ള കാരണമെന്തെന്ന് പറയാമോ ; ഇത്തരം സംഘങ്ങളുടെമേൽ എന്തു നടപടി എടുത്തുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചുവരുന്നു.

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES.Kerala Legislative Assembly

അനുബന്ധം X

[13-2-2006-ലെ നക്ഷത്രചിഹ്നമിടാത്ത 139 (596)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

നമ്പർ	സ്ഥാപനം	ഏത് സ്ഥാപനത്തിൽ നിന്നും ടേക്ക് ഓവർ നടത്തി	ടേക്ക് ഓവർ ചെയ്യാൻ എത്ര തുക കൊടുത്തു (ലക്ഷത്തിൽ)	സെക്യൂരിറ്റി	ടേക്ക് ഓവർ ചെയ്ത തീയതി
(1)	(2)	(3)	(4)	(5)	(6)
1	ജിയോഫ്രാങ്ക് എന്റർപ്രൈസസ് (പ്രൈവറ്റ്) ലിമിറ്റഡ്	ഇൻഡസ് ഇൻഡ് ബാങ്ക്, സെൻട്രൽ ബാങ്ക്	350.00	വസ്തു ജാമ്യം	27-10-2002
2	ബെൻ-ടെക് ഇലക്ട്രിക്കൽസ് (പ്രൈവറ്റ്) ലിമിറ്റഡ്	യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ	45.23	,,	15-2-2003
3	കണ്ണൂർ റോളർ ഫ്ളവർ മിൽസ് (പ്രൈവറ്റ്) ലിമിറ്റഡ്	പഞ്ചാബ് നാഷണൽ ബാങ്ക്	415.00	,,	21-3-2005
4	പറശ്ശിനിക്കടവ് ആയുർവേദിക് മെഡിക്കൽ കോളേജ്	എസ്. ബി. റ്റി.	3.09	,,	13-3-2003
5	സെന്റ് ജോർജ് കേബിൾസ് (പ്രൈവറ്റ്) ലിമിറ്റഡ്	സിഡ്ബി/പഞ്ചാബ് നാഷണൽ ബാങ്ക്	300.00	,,	3-2-3003

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)
6	ഹ്യൂസ് അഡ്വർ ടൈസിംഗ് (പ്രൈവറ്റ്) ലിമിറ്റഡ്	ദേനാ ബാങ്ക്	33.21	വസ്തു ജാമ്യം	2-6-2003
7	അഷ്ടമുടി റിസോർട്ട്സ്	കെ.എസ്.ഐ.ഡി.സി.	101.92	,,	31-7-2003
8	ശ്രീനിവാസ് റോളർ ഫ്ളവർ മിൽസ്	എസ്.ബി.ടി.	226.52	,,	18-11-2003
9	ശ്രീ. ശ്രീമഹാശക്തി മിൽസ്	പഞ്ചാബ് നാഷണൽ ബാങ്ക്	350.00	,,	21-1-2004
10	ഗാന്ധിഗ്രാം റബ്ബേഴ്സ് ലിമിറ്റഡ്	എസ്.ഐ.ബി.	300.00	,,	27-2-2004
11	സാഹി ടയേഴ്സ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്	എസ്.ബി.ടി.	143.20	,,	26-5-2004
12	ജെ.ജെ. ഹോളിഡേ റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്	കെ.എഫ്.സി.	240.00	,,	17-1-2005
13	ശ്യാമവർണ്ണ റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്	യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ	265.00	,,	24-12-2004
14	പരാശക്തി മൾട്ടി ഡിസ്പെൻസറി ഹെൽത്ത് സെന്റർ പ്രൈവറ്റ് ലിമിറ്റഡ്	ദിവാൻ ഹൗസിംഗ് ഫൈനാൻസ് കോർപ്പറേഷൻ	29.46	,,	30-3-2005